**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

<table>
<tr><td colspan="2"><u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1477</u></td><td colspan="2"><u>11.08.2017-ൽ മറുപടിയ്ക്ക്</u></td></tr>
<tr><td colspan="4"><u>സാമൂഹ്യ സുരക്ഷാ പെൻഷൻ</u></td></tr>
<tr><td colspan="2"><u>ചോദ്യം</u></td><td colspan="2"><u>മറുപടി</u></td></tr>
<tr><td colspan="2">ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ</td><td colspan="2">ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി</td></tr>
<tr><td>(എ)</td><td>സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് 2017 ജനുവരി മുതൽ അപേക്ഷ നൽകിയവർക്ക് പെൻഷൻ അനുവദിക്കാത്തത് എന്തുകൊണ്ടാണെന്നറിയിക്കുമോ ;</td><td>(എ)</td><td>സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ അംഗീകരിച്ച് വെബ്സൈറ്റിലേക്ക് അപ് ലോഡ് ചെയ്യുന്നതനുസരിച്ചാണ് പെൻഷൻ തുക വിതരണം ചെയ്യുന്നത്. ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭിക്കുന്ന മുറക്ക്, തുക അനുവദിക്കുന്ന പ്രകാരം പെൻഷൻ വിതരണം നടത്തിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നത് എത്ര പേർക്കാണ്; പെൻഷൻ വീടുകളിലെത്തിക്കുന്ന പദ്ധതി പ്രകാരം എന്നുവരെയുള്ള പെൻഷൻ വിതരണം ചെയ്തു;</td><td>(ബി)</td><td>നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>1. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ - 359314<br>2. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - 2093652<br>3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ - 1240520<br>4. കർഷക തൊഴിലാളി പെൻഷൻ - 491363<br>5. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ - 78014<br>ആകെ - 4262863<br>പെൻഷൻ വീടുകളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം 2017 ഏപ്രിൽ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. 2017 മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>പഞ്ചായത്തിൽ പെൻഷന് അപേക്ഷ നൽകിയാൽ ഒരുമാസത്തിനകം തീരുമാനമെടുക്കണമെന്ന നിബന്ധനയുണ്ടോ; എങ്കിൽ ജനുവരി മാസം മുതൽ അപേക്ഷ നൽകിയവരുടെ അപേക്ഷയിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?</td><td>(സി)</td><td>സാമൂഹ്യക്ഷേമ പദ്ധതികളായ അഗതി - വിധവ/വിവാഹമോചിതർ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗർ /അംഗവൈകല്യം സംഭവിച്ചവർ/ ഭിന്നശേഷിയുള്ളവർ എന്നിവർക്കുള്ള പെൻഷൻ എന്നിവ ലഭിക്കുന്നതിനായി ഗ്രാമപഞ്ചായത്തിലെ വാർഡ് അംഗത്തിന്റെയും സെക്രട്ടറിയുടെയും അഭിപ്രായത്തോടും അന്വേഷണ റിപ്പോർട്ടും കൂടി ലഭിക്കുന്ന നിർദിഷ്ട ഫോറത്തിലുള്ള അപേക്ഷകൾ പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു മാസത്തിനകം തീരുമാനമെടുക്കേണ്ടതുമാണെന്ന നിബന്ധനയുണ്ട് (ജി.ഒ.(പി) 11/97/സ.ക്ഷേ.വ. തീയതി 07.04.1997). കർഷക തൊഴിലാളി പെൻഷനായി നിർദ്ദിഷ്ട ഫോറത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ തദ്ദേശസ്വയംഭരണ</td></tr>
</table>

| | | | |
|---|---|---|---|
| | | | സ്ഥാപനത്തിന്റെ അധികാരി വിശദമായ അന്വേഷണം നടത്തേണ്ടതും, അപേക്ഷയിൽ കാണിച്ചിട്ടുള്ള വിവരങ്ങളുടെ നിജസ്ഥിതിയെപ്പറ്റി ബോധ്യപ്പെടേണ്ടതും, അർഹതയുള്ള കേസുകളിൽ 45 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതുമാണ് (ജി.ഒ.(പി.) നമ്പർ 18/98/തൊഴിൽ തീയതി. 16.04.1998) ജനുവരി മാസം മുതൽ ലഭിച്ച അപേക്ഷകളിൽ അടിയന്തിരമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ